## മധുരമായ കുട്ടികളെ - ഈ സംഗമയുഗം വികർമ്മം വിനാശമാക്കാനുള്ള യുഗമാണ്, ഈ യുഗത്തിൽ നിങ്ങൾ യാതൊരു വികർമ്മവും ചെയ്യരുത്, തീർച്ചയായും പാവനമായി മാറണം.

**ചോദ്യം -** അതീന്ദ്രീയ സുഖത്തിന്റെ അനുഭവം ഏത് കുട്ടികൾക്കാണ് ഉണ്ടാകുന്നത്?
**ഉത്തരം -** ആരാണോ അവിനാശീ ജ്ഞാന രത്നങ്ങളാൽ നിറഞ്ഞിരിക്കുന്നത്, അവർക്ക് തന്നെയാണ് അതീന്ദ്രീയ സുഖത്തിന്റെ അനുഭവമുണ്ടാകുന്നത്. ആര് എത്ര ജ്ഞാനത്തെ ജീവിതത്തിൽ ധാരണ ചെയ്യുന്നുവോ അത്രയും സമ്പന്നരായി മാറുന്നു. അഥവാ ജ്ഞാന രത്നങ്ങൾ ധാരണ ചെയ്യുന്നില്ല എങ്കിൽ നിർദ്ധനനാണ്. ബാബ നിങ്ങൾക്ക് ഭൂതം, ഭാവി, വർത്തമാനത്തിന്റെ ജ്ഞാനം നൽകി ത്രികാല ദർശിയാക്കി മാറ്റികൊണ്ടിരിക്കുന്നു.

**ഗീതം -** ഓം നമ ശിവായ..................

**ഓം ശാന്തി.** ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലം നടന്നുകൊണ്ടിരിക്കുന്നു പിന്നീട് ഈ വർത്തമാന കാലം ഭൂതകാലമാകും. ഈ സ്തുതി പാടുന്നത് കഴിഞ്ഞ കാലത്തിന്റെയാണ്. ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. പുരുഷോത്തമം എന്ന വാക്ക് തീർച്ചയായും ചേർക്കണം. നിങ്ങൾ വർത്തമാനത്തെ കണ്ടുകൊണ്ടിരിക്കുകയാണ്, ഏതാണോ കഴിഞ്ഞതിന്റെ മഹിമ, അതിപ്പോൾ പ്രാക്ടിക്കലായി നടന്നുകൊണ്ടിരിക്കുന്നു, ഇതിൽ ഒരു സംശയവുമുണ്ടാകരുത്. കുട്ടികൾ അറിയുന്നു സംഗമയുഗവുമാണ്, കലിയുഗത്തിന്റെ അവസാനവുമാണ്. ശരിക്കും 5000 വർഷങ്ങൾക്കു മുമ്പ് സംഗമയുഗം കഴിഞ്ഞു പോയതാണ്, ഇപ്പോൾ വീണ്ടും വർത്തമാനമാണ്. ഇപ്പോൾ ബാബ വന്നിരിക്കുന്നു, ഭാവിയും അത് തന്നെയായിരിക്കും എന്താണോ കഴിഞ്ഞുപോയത്. ബാബ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു പിന്നീട് സത്യയുഗത്തിൽ രാജ്യം നേടും. ഇപ്പോൾ സംഗമയുഗമാണ്. ഈ കാര്യം നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെ ആർക്കും അറിയുകയില്ല. നിങ്ങൾ പ്രാക്ടിക്കലായി രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വളരെ സഹജമാണ്. ചെറിയ കുട്ടികളാണെങ്കിലും വലിയവരാണെങ്കിലും എല്ലാവർക്കും ഈ ഒരു മുഖ്യമായ കാര്യം മനസ്സിലാക്കി കൊടുക്കണം ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. വികർമ്മം വിനാശമാകേണ്ട സമയമായതിനാൽ വീണ്ടും വികർമ്മം ചെയ്യുന്നവർ ആരുണ്ടാകും. പക്ഷെ മായ വികർമ്മം ചെയ്യിപ്പിക്കുന്നു, മനസ്സിലാക്കുന്നു, ചാട്ടവാറടി കിട്ടി, എന്നിൽ നിന്ന് ഈ കടുത്ത തെറ്റുണ്ടായി. അപ്പോഴാണ് ബാബയെ വിളിക്കുന്നത് അല്ലയോ പതിത പാവനാ വരൂ എന്ന്. ഇപ്പോൾ ബാബ വന്നിരിക്കുന്നു പാവനമാക്കാൻ, എങ്കിൽ പാവനമാകണമല്ലോ. ഈശ്വരന്റേതായി മാറിയതിന് ശേഷം പതിതമാകരുത്. സത്യയുഗത്തിൽ എല്ലാവരും പവിത്രമായിരുന്നു. ഈ ഭാരതവും പാവനമായിരുന്നു. പാടുന്നുമുണ്ട് - നിർവികാരി ലോകവും വികാരീ ലോകവും. അവർ സമ്പൂർണ്ണ നിർവികാരിയാണ്, നമ്മൾ വികാരിയാണ് എന്തുകൊണ്ടെന്നാൽ നമ്മൾ വികാരത്തിലേയ്ക്ക് പോകുന്നു. വികാരമെന്ന പേര് തന്നെ വിഷയവികാരങ്ങളുടേതാണ്. പതിതർ തന്നെയാണ് വിളിക്കുന്നത് വന്ന് പാവനമാക്കൂ. ക്രോധികൾ വിളിക്കുന്നില്ല. ബാബയും ഡ്രാമാ പ്ലാൻ അനുസരിച്ച് വരുന്നു. അല്പം പോലും വ്യത്യാസമുണ്ടാവുക സാധ്യമല്ല. എന്താണോ കഴിഞ്ഞു പോയത് അത് തന്നെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഭൂതം, ഭാവി, വർത്തമാനത്തെ അറിയുന്നവരെ തന്നെയാണ് ത്രികാല ദർശിയെന്ന് പറയുന്നത്. ഇത് ഓർമ്മ വെയ്ക്കേണ്ടതുണ്ട്. ഇത് വളരെ പരിശ്രമമുള്ള കാര്യമാണ്. ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു. ഇല്ലായെങ്കിൽ കുട്ടികൾക്ക് എത്ര അതീന്ദ്രിയ സുഖം ഉണ്ടായിരിക്കണം. നിങ്ങൾ ഇവിടെ അവിനാശീ ജ്ഞാന രത്നങ്ങളാൽ വളരെ വളരെ സമ്പന്നമായി മാറികൊണ്ടിരിക്കുന്നു. ആർക്ക് എത്ര ധാരണയുണ്ടോ, അവർ വളരെ സമ്പന്നമായി മാറികൊണ്ടിരിക്കുന്നു, പക്ഷെ പുതിയ ലോകത്തേയ്ക്ക് വേണ്ടിയാണ്. നിങ്ങൾക്കറിയാം നമ്മൾ എന്തെല്ലാം ചെയ്യുന്നുണ്ടോ അതെല്ലാം ഭാവിയിലെ പുതിയ ലോകത്തേയ്ക്ക് വേണ്ടിയുള്ളതാണ്. ബാബ വന്നിരിക്കുന്നത് തന്നെ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നതിന് വേണ്ടിയാണ്. പഴയ ലോകത്തിന്റെ വിനാശം ചെയ്യുന്നതിനാണ്. കല്പം മുമ്പെന്നപോലെ നടക്കും. നിങ്ങൾ കുട്ടികളും കാണും. പ്രകൃതി ക്ഷോഭങ്ങളും ഉണ്ടാകും. ഭൂമികുലുക്കവും ഉണ്ടാകും എല്ലാം അവസാനിക്കും. ഭാരതത്തിൽ വളരെയധികം ഭൂമികുലുക്കം ഉണ്ടാകും. നമ്മൾ പറയുന്നു- ഇത് സംഭവിക്കേണ്ടത് തന്നെയാണ്. കല്പം മുമ്പും സംഭവിച്ചിരുന്നു അതുകൊണ്ടാണ് പറയുന്നത് സ്വർണ്ണത്തിന്റെ ദ്വാരക താഴെയ്ക്ക് പോയി. കുട്ടികളുടെ ബുദ്ധിയിൽ ഇത് നല്ല രീതിയിൽ ഉണ്ടാവണം നമ്മൾ 5000 വർഷങ്ങൾക്കു മുമ്പും ഈ ജ്ഞാനം നേടിയിരുന്നു. ഇതിൽ

അല്പം പോലും വ്യത്യാസമില്ല. ബാബാ 5000 വർഷങ്ങൾക്ക് മുമ്പ് ഞങ്ങൾ അങ്ങയിൽ നിന്ന് സമ്പത്ത് എടുത്തിരുന്നു. ഞങ്ങൾ അനേകം തവണ അങ്ങയിൽ നിന്ന് സമ്പത്ത് എടുത്തിട്ടുണ്ട്. അതിനെ എണ്ണാൻ സാധിക്കില്ല. എത്ര തവണ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിട്ടുണ്ട്, പിന്നീട് യാചകനാകുന്നു. ഈ സമയം മുഴുവൻ ഭാരതത്തിലുള്ളവരും യാചകരാണ്. ഡ്രാമാ പ്ലാൻ അനുസരിച്ച് എന്ന് നിങ്ങൾ എഴുതുന്നുമുണ്ട്. അവർ ഡ്രാമാ എന്ന വാക്ക് പറയുകയില്ല. അവരുടെ പ്ലാൻ തന്നെ അവരുടെതാണ്.

നിങ്ങൾ പറയുന്നു ഡ്രാമാപ്ലാൻ അനുസരിച്ച് ഞങ്ങൾ വീണ്ടും സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു 5000 വർഷം മുമ്പെന്നപോലെ. കല്പം മുമ്പ് എന്ത് കർത്തവ്യമാണോ ചെയ്തിട്ടുള്ളത് അത് ഇപ്പോഴും ശ്രീമതത്തിലൂടെ ചെയ്യുന്നു. ശ്രീമതത്തിലൂടെ തന്നെയാണ് ശക്തിയെടുക്കുന്നത്. ശിവശക്തിയെന്ന പേരുണ്ടല്ലോ. അതിനാൽ നിങ്ങൾ ശിവശക്തികൾ ദേവികളാണ്, നിങ്ങളുടെ ക്ഷേത്രത്തിലും പൂജയുണ്ടാകുന്നു. നിങ്ങൾ തന്നെയാണ് ദേവിമാർ, പിന്നീട് വിശ്വത്തിന്റെ രാജ്യഭാഗ്യം നേടുന്നവർ. ജഗദംബയെ നോക്കൂ എത്ര പൂജയാണുണ്ടാവുന്നത്. അനേകം പേരുകളാണ് വെച്ചിട്ടുള്ളത്, പക്ഷെ ആൾ ഒന്നു തന്നെയാണ്. അച്ഛനും ഒരേഒരു ശിവനാണ് എന്നത് പോലെ. നിങ്ങളും വിശ്വത്തെ സ്വർഗ്ഗമാക്കി മാറ്റുന്നവരാണ്, അതിനാൽ നിങ്ങളുടെ പൂജയുണ്ടാകുന്നു. അനേക ദേവിമാരുണ്ട്, ലക്ഷ്മിക്ക് വളരെയധികം പൂജ ചെയ്യുന്നു. ദീപാവലി ദിവസം മഹാലക്ഷ്മിയുടെ പൂജ ചെയ്യുന്നു. അവരാണ് മുഖ്യം, മഹാരാജാ-മഹാറാണിയെ ഒരുമിച്ച് മഹാലക്ഷ്മിയെന്ന് പറയുന്നു. അതിൽ രണ്ടുപേരും വരുന്നു. നമ്മളും മഹാലക്ഷ്മിയുടെ പൂജ ചെയ്തിട്ടുണ്ടായിരുന്നു, ധനത്തിന്റെ അഭിവൃദ്ധിയുണ്ടായാൽ മഹാലക്ഷ്മിയുടെ കൃപയുണ്ടായിയെന്ന് മനസ്സിലാക്കും. അത്രയും മതി എല്ലാവർഷവും പൂജ ചെയ്യുന്നു. ശരി, അവരിൽ നിന്ന് ധനം യാചിക്കുന്നു, ദേവിയോട് എന്ത് യാചിക്കും? നിങ്ങൾ സംഗമയുഗീ ദേവിമാർ സ്വർഗ്ഗത്തിന്റെ വരദാനം നൽകുന്നവരാണ്. മനുഷ്യർക്കിത് അറിയാൻ കഴിയില്ല ദേവിമാരിലൂടെ സ്വർഗ്ഗത്തിന്റെ എല്ലാ കാമനകളും പൂർത്തിയാകുന്നുവെന്ന്. നിങ്ങൾ ദേവിമാരാണല്ലോ. മനുഷ്യർക്ക് ജ്ഞാനദാനം ചെയ്യുന്നു അതിലൂടെ എല്ലാ കാമനകളും പൂർത്തീകരിക്കുന്നു. രോഗം മുതലായവ ഉണ്ടായാൽ ദേവിമാരോട് മാറ്റി തരൂ, രക്ഷ ചെയ്യൂ എന്ന് പറയും അനേക പ്രകാരത്തിലുള്ള ദേവിമാരുണ്ട്. നിങ്ങൾ സംഗമയുഗത്തിലെ ശിവശക്തി ദേവിമാരാണ്. നിങ്ങൾ തന്നെയാണ് സ്വർഗ്ഗത്തിന്റെ വരദാനം നൽകുന്നത്. അച്ഛനും നൽകുന്നു, കുട്ടികളും നൽകുന്നു. മഹാലക്ഷ്മിയെ കാണിക്കുന്നുണ്ട്, നാരായണനെ ഗുപ്തമാക്കി മാറ്റുന്നു. ബാബ നിങ്ങൾ കുട്ടികളുടെ പ്രഭാവം വളരെയധികം വർദ്ധിപ്പിക്കുന്നു. ദേവിമാർ 21 ജന്മത്തേയ്ക്ക് സുഖത്തിന്റെ എല്ലാ കാമനകളും പൂർത്തീകരിക്കുന്നു. ലക്ഷ്മിയിൽ നിന്ന് ധനം യാചിക്കുന്നു. ധനത്തിന് വേണ്ടി തന്നെയാണ് മനുഷ്യർ നല്ല ജോലിയെല്ലാം ചെയ്യുന്നത്. നിങ്ങളെ ബാബ വന്ന് മുഴുവൻ വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുന്നു, അളവറ്റ ധനം നൽകുന്നു. ശ്രീ ലക്ഷ്മീ-നാരായണൻ വിശ്വത്തിന്റെ അധികാരിയായിരുന്നു. ഇപ്പോൾ പാപ്പരാണ്. നിങ്ങൾ കുട്ടികൾക്കറിയാം രാജ്യഭാഗ്യത്തിന് പിന്നീട് എങ്ങനെ പതുക്കെ പതുക്കെ ഇറങ്ങുന്ന കലയുണ്ടാകുന്നു. പുനർ ജന്മം എടുത്തെടുത്ത് കല കുറഞ്ഞ് കുറഞ്ഞ് ഇപ്പോൾ എന്ത് അവസ്ഥയായിരിക്കുന്നുവെന്ന് നോക്കൂ! ഇതും പുതിയ കാര്യമല്ല. ഓരോ 5000 വർഷങ്ങൾക്കു ശേഷവും ചക്രം കറങ്ങികൊണ്ടിരിക്കുന്നു. ഭാരതമിപ്പോൾ എത്ര ദരിദ്രമാണ്. രാവണ രാജ്യമാണ്. എത്ര ഉയർന്ന നമ്പർ വൺ ആയിരുന്നു, ഇപ്പോൾ അവസാന നമ്പറാണ്. ലാസ്റ്റിൽ വന്നില്ലായെങ്കിൽ നമ്പർവണ്ണിലേയ്ക്ക് എങ്ങനെ പോകും. കണക്കുണ്ടല്ലോ. അഥവാ ക്ഷമയോടെ വിചാര സാഗര മഥനം ചെയ്യുകയാണെങ്കിൽ എല്ലാ കാര്യങ്ങളും തനിയെ തന്നെ ബുദ്ധിയിൽ വരും. എത്ര മധുര-മധുരമായ കാര്യങ്ങളാണ്. ഇപ്പോൾ നിങ്ങൾ മുഴുവൻ സൃഷ്ടി ചക്രത്തെയും അറിഞ്ഞു കഴിഞ്ഞു. പഠിപ്പ് കേവലം സ്ക്കൂളിൽ മാത്രമല്ല പഠിക്കുക. ടീച്ചർ പാഠം(ലെസൺ) വീട്ടിലിരുന്ന് പഠിക്കുന്നതിന് വേണ്ടി നൽകുന്നു, അതിനെ ഹോംവർക്ക് എന്ന് പറയുന്നു. ബാബയും നിങ്ങൾക്ക് വീട്ടിലേയ്ക്ക് വേണ്ടി പഠിപ്പ് നൽകുന്നു. പകൽ ജോലിയെല്ലാം ചെയ്യൂ, ശരീര നിർവാഹണാർത്ഥം ചെയ്യുക തന്നെ വേണം. അമൃതവേളയിൽ എല്ലാവർക്കും അവസരമുണ്ടാകുന്നു. അതിരാവിലെ രണ്ടോ മൂന്നോ മണിയുടെ സമയം വളരെ നല്ലതാണ്. ആ സമയത്ത് എഴുന്നേറ്റ് ബാബയെ സ്നേഹത്തോടുകൂടി ഓർമ്മിക്കൂ. ബാക്കി ഈ വികാരങ്ങളെല്ലാം നിങ്ങളെ ആദി-മധ്യ-അന്ത്യം ദു:ഖിയാക്കുന്നു. രാവണനെ കത്തിക്കുന്നു പക്ഷെ ഇതിന്റെയും അർത്ഥം ഒന്നും തന്നെ അറിയില്ല. കേവലം പരമ്പരയായി രാവണനെ കത്തിക്കുന്നതിന്റെ ആചാരം നടന്നു വരുന്നു അത്ര മാത്രം . ഡ്രാമയനുസരിച്ച് ഇതും അടങ്ങിയിട്ടുള്ളതാണ്. രാവണനെ വധിച്ചു വരുന്നു പക്ഷെ രാവണൻ മരിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഈ രാവണനെ കത്തിക്കുന്നത് എപ്പോൾ അവസാനിക്കുമെന്ന്. നിങ്ങൾ ഇപ്പോൾ സത്യം സത്യമായ സത്യനാരായണന്റെ കഥ കേൾക്കുകയാണ്. നിങ്ങൾക്കറിയാം നമുക്ക് ഇപ്പോൾ ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ബാബയെ അറിയാത്തതു കാരണം എല്ലാവരും നിർദ്ധനരാണ്. ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്ന ബാബയെ പോലും അറിയുന്നില്ല. ഇതും ഡ്രാമയിലുള്ളതാണ്. പടി ഇറങ്ങി തമോപ്രധാനമായി മാറി അപ്പോഴാണ് ബാബ വീണ്ടും വന്നത്. പക്ഷെ സ്വയം തമോപ്രധാനമാണെന്ന് മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു

ഈ സമയം മുഴുവൻ വൃക്ഷവും ജീർണ്ണിച്ച അവസ്ഥയിലെത്തിയിരിക്കുന്നു. ഒന്ന് പോലും സതോപ്രധാനമായതില്ല. സതോപ്രധാനമാകുന്നത് ശാന്തിധാമത്തിലും സുഖധാമത്തിലും മാത്രമാണ്. ഇപ്പോൾ തമോപ്രധാനമാണ്. ബാബ തന്നെയാണ് വന്ന് നിങ്ങൾ കുട്ടികളെ അജ്ഞാന നിദ്രയിൽ നിന്ന് ഉണർത്തുന്നത്. നിങ്ങൾ പിന്നെ മറ്റുള്ളവരെ ഉണർത്തുന്നു. ഉണർത്തികൊണ്ടിരിക്കുന്നു. മനുഷ്യർ മരിക്കുമ്പോൾ അവർക്ക് വിളക്ക് കത്തിക്കുന്നു, അവർക്ക് വെളിച്ചം കിട്ടട്ടെ എന്ന് കരുതി. ഇപ്പോൾ ഇത് ഘോര അന്ധകാരമാണ്, ആത്മാക്കൾക്ക് തന്റെ വീട്ടിലേയ്ക്ക് തിരിച്ച് പോകാൻ സാധിക്കില്ല. ദു:ഖത്തിൽ നിന്ന് മോചനത്തിനായി കേവലം ആഗ്രഹിക്കുന്നു. പക്ഷെ ഒരാൾക്കു പോലും മോചനം നേടാൻ സാധിക്കില്ല.

ഏത് കുട്ടികൾക്കാണോ പുരുഷോത്തമ സംഗമയുഗത്തിന്റെ സ്മൃതിയുള്ളത് അവർക്ക് ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യാതെ ഇരിക്കാൻ സാധിക്കില്ല. എങ്ങനെയാണോ മനുഷ്യർ പുരുഷോത്തമ മാസത്തിൽ ദാന-പുണ്യം ചെയ്യുന്നത് അതുപോലെ ഈ പുരുഷോത്തമ സംഗമയുഗത്തിൽ നിങ്ങളും ജ്ഞാനരത്നങ്ങളുടെ ദാനം നൽകണം. ഇതും മനസ്സിലായി സ്വയം പരമപിതാ പരമാത്മാവ് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, കൃഷ്ണന്റെ കാര്യമല്ല. കൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനാണ്, പിന്നീട് കൃഷ്ണൻ പുനർജന്മം എടുക്കുന്നു. ബാബ ഭൂതം, ഭാവി, വർത്തമാനത്തിന്റെയും രഹസ്യം മനസ്സിലാക്കി തരുന്നു. നിങ്ങൾ ത്രികാല ദർശിയായി മാറുന്നു, ബാബയ്ക്കല്ലാതെ വേറെയാർക്കും ത്രികാല ദർശിയാക്കി മാറ്റാൻ സാധിക്കില്ല. സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം ബാബയിൽ മാത്രമാണുള്ളത്, ബാബയെ തന്നെയാണ് ജ്ഞാന സാഗരനെന്ന് പറയുന്നത്. ഉയർന്നതിലും ഉയർന്ന ഭഗവാന് തന്നെയാണ് മഹിമയുള്ളത്, ബാബ തന്നെയാണ് രചയിതാവ്. ഹെവൻലി ഗോഡ് ഫാദർ എന്ന വാക്ക് വളരെ വ്യക്തമാണ്-ഹെവൻ(സ്വർഗ്ഗം) സ്ഥാപിക്കുന്നയാൾ. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട് പക്ഷെ ശിവൻ എപ്പോൾ വന്നു, എന്തു ചെയ്തു- ഇത് ഒന്നും തന്നെ അറിയില്ല. ജയന്തിയുടെ അർത്ഥം തന്നെ അറിയുന്നില്ല, പിന്നെ ആഘോഷിച്ചിട്ട് എന്ത് ചെയ്യാനാണ്, ഇതും എല്ലാം ഡ്രാമയിലുള്ളതാണ്. ഈ സമയം തന്നെയാണ് നിങ്ങൾ കുട്ടികൾ ഡ്രാമയുടെ ആദി-മധ്യ-അന്ത്യത്തെ അറിയുന്നത്, പിന്നീട് എപ്പോഴുമല്ല. പിന്നീട് എപ്പോൾ ബാബ വരുന്നോ അപ്പോഴേ അറിയൂ. ഇപ്പോൾ നിങ്ങൾക്ക് സ്മൃതി വന്നിരിക്കുന്നു - ഈ 84 ന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. ഭക്തിമാർഗ്ഗത്തിലെന്താണ്, അതിൽ നിന്ന് ഒന്നും തന്നെ ലഭിക്കുന്നില്ല. എത്ര ഭക്ത ജനങ്ങളാണ് തിരക്കിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്, ബാബ നിങ്ങളെ അതിൽ നിന്ന് മോചിപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ അറിയുന്നു നമ്മൾ ശ്രീമതത്തിലൂടെ ഭാരതത്തെ വീണ്ടും ശ്രേഷ്ഠമാക്കി മാറ്റികൊണ്ടിരിക്കുന്നു. ശ്രീമതത്തിലൂടെ തന്നെയാണ് ശ്രേഷ്ഠമായി മാറുന്നത്. ശ്രീമതം സംഗമത്തിൽ മാത്രമാണ് ലഭിക്കുന്നത്. നിങ്ങൾ യഥാർത്ഥ രീതിയിൽ അറിയുന്നു നമ്മൾ ആരായിരുന്നു പിന്നെ എങ്ങനെ ഇങ്ങനെയായി മാറുന്നു, ഇപ്പോൾ വീണ്ടും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. പുരുഷാർത്ഥം ചെയ്ത് ചെയ്ത് അഥവാ കുട്ടികൾ തോറ്റു പോവുകയാണെങ്കിൽ ബാബയ്ക്ക് വാർത്ത നൽകൂ, വീണ്ടും എഴുന്നേൽക്കുന്നതിനുള്ള മുന്നറിപ്പ് ബാബ നൽകും. ഒരിക്കലും തോറ്റുപോയി ഇരിക്കരുത്. വീണ്ടും എഴുന്നേൽക്കൂ, പരിഹാരം ചെയ്യൂ. സർജൻ ഇരിക്കുന്നുണ്ടല്ലോ. ബാബ മനസ്സിലാക്കി തരുന്നു അഞ്ചാമത്തെ നിലയിൽ നിന്ന് വീഴുന്നതും രണ്ടാമത്തെ നിലയിൽ നിന്ന് വീഴുന്നതും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. കാമ വികാരമാണ് അഞ്ചാമത്തെ നില. അതുകൊണ്ട് ബാബ പറയുന്നു കാമം മഹാ ശത്രുവാണ്, അതാണ് നിങ്ങളെ പതിതമാക്കി മാറ്റിയത്, ഇപ്പോൾ പാവനമായി മാറൂ. പതിത പാവനനായ ബാബ തന്നെയാണ് വന്ന് പാവനമാക്കി മാറ്റുന്നത്. തീർച്ചയായും സംഗമത്തിലാണ് മാറ്റുക. കലിയുഗത്തിന്റെ അവസാനവും സത്യയുഗത്തിന്റെ ആദിയുടെയും സംഗമമാണിത്.

കുട്ടികൾക്കറിയാം ബാബ ഇപ്പോൾ തൈകൾ നട്ടുകൊണ്ടിരിക്കുകയാണ് പിന്നീട് വൃക്ഷം ഇവിടെ പൂർണ്ണ വളർച്ച പ്രാപിക്കും. ബ്രാഹ്മണരുടെ വൃക്ഷം വളരും പിന്നീട് സൂര്യവംശീ-ചന്ദ്രവംശിയിൽ പോയി സുഖം അനുഭവിക്കും. എത്ര സഹജമായാണ് മനസ്സിലാക്കി തരുന്നത്. ശരി, മുരളി ലഭിക്കുന്നില്ല എങ്കിൽ ബാബയെ ഓർമ്മിക്കൂ. ഇത് ബുദ്ധിയിൽ പക്കയാക്കൂ ശിവബാബ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ നമ്മളോട് പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വിഷ്ണുവിന്റെ കുലത്തിലേയ്ക്ക് പോകും. മുഴുവൻ ആധാരവും പുരുഷാർത്ഥത്തിലാണ്. കല്പ കല്പം എന്ത് പുരുഷാർത്ഥമാണോ ചെയ്തത്, ഇപ്പോഴും അതേ നടക്കൂ. പകുതി കല്പം ദേഹാഭിമാനിയായി, ഇപ്പോൾ ദേഹീ അഭിമാനിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ, ഇതിലാണ് പരിശ്രമം. പഠിപ്പ് സഹജമാണ്, മുഖ്യമായത് പാവനമാകുന്നതിന്റെ കാര്യമാണ്. ബാബയെ മറക്കുക ഇത് ഏറ്റവും വലിയ തെറ്റാണ്. ദേഹാഭിമാനത്തിൽ വരുന്നതിലൂടെയാണ് മറക്കുന്നത്. ശരീര നിർവ്വാഹാർത്ഥം വേണമെങ്കിൽ 8 മണിക്കൂർ ജോലി മുതലായവ ചെയ്യൂ, ബാക്കി 8 മണിക്കൂർ ഓർമ്മയിലിരിക്കുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യണം. ആ അവസ്ഥ പെട്ടെന്ന് ഉണ്ടാവില്ല. അവസാനം എപ്പോൾ ഈ അവസ്ഥ ഉണ്ടാകുന്നുവോ അപ്പോൾ വിനാശമുണ്ടാകും. കർമ്മാതീത അവസ്ഥ ആയി എങ്കിൽ പിന്നെ ഈ ശരീരം നില

നിൽക്കുക സാധ്യമല്ല, നശിച്ച് പോകും എന്തുകൊണ്ടെന്നാൽ ആത്മാവ് പവിത്രമായല്ലോ. എപ്പോൾ നമ്പർവൈസ് കർമ്മാതീത അവസ്ഥയുണ്ടാകുന്നുവോ അപ്പോൾ യുദ്ധം ആരംഭിക്കും, അതു വരെ റിഹേഴ്സൽ ഉണ്ടായികൊണ്ടിരിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം

1. ഈ പുരുഷോത്തമ മാസത്തിൽ അവിനാശീ ജ്ഞാന രത്നങ്ങളുടെ ദാനം നൽകണം. അമൃത വേളയിൽ എഴുന്നേറ്റ് വിചാര സാഗര മഥനം ചെയ്യണം. ശ്രീമതത്തിലൂടെ ശരീര നിർവ്വാഹണാർത്ഥം ചെയ്തും ബാബ എന്ത് ഹോംവർക്കാണോ നൽകിയിരിക്കുന്നത്, അതും തീർച്ചയായും ചെയ്യണം.

2. പുരുഷാർത്ഥത്തിൽ എന്തെങ്കിലും തടസ്സം വരുകയാണെങ്കിൽ ബാബയ്ക്ക് വാർത്ത നൽകി ശ്രീമതം എടുക്കണം. സർജനെ എല്ലാം കേൾപ്പിക്കണം. വികർമ്മം വിനാശമാക്കേണ്ട സമയം യാതൊരു വികർമ്മവും ചെയ്യരുത്.

## വരദാനം - അഖണ്ഡയോഗത്തിന്റെ വിധിയിലൂടെ അഖണ്ഡ പൂജ്യരാകുന്ന ശ്രേഷ്ഠ മഹാത്മാവായി ഭവിക്കട്ടെ

ഇന്നത്തെക്കാലത്ത് ആരെയാണോ മഹാത്മാക്കളെന്ന് പറയുന്നത് അവർക്ക് അഖണ്ഡാനന്ദൻ മുതലായ പേരുകൾ വെക്കുന്നു. എന്നാൽ എല്ലാത്തിലും അഖണ്ഡസ്വരൂപം താങ്കളാണ്- ആനന്ദത്തിലും അഖണ്ഡം, സുഖത്തിലും അഖണ്ഡം.. സംഗദോഷത്തിൽ വരാതിരിക്കണം എന്നു മാത്രം, മറ്റുള്ളവരുടെ അവഗുണത്തെ കണ്ടിട്ടും കേട്ടിട്ടും ശ്രദ്ധിക്കാതിരിക്കൂ, അപ്പോൾ ഈ വിശേഷതയിലൂടെ അഖണ്ഡയോഗിയായി മാറും. ആരാണോ അഖണ്ഡയോഗി അവരാണ് അഖണ്ഡപൂജ്യരാകുന്നത്. അപ്പോൾ താങ്കൾ ഇങ്ങനെയുള്ള മഹാത്മാക്കളാണ്- അര കൽപം സ്വയം പൂജ്യസ്വരൂപത്തിലിരിക്കുന്നു, അരകൽപം താങ്കളുടെ ജഡചിത്രങ്ങളുടെ പൂജയുണ്ടാകുന്നു.

## സ്ലോഗൻ - ദിവ്യബുദ്ധിയാണ് സൈലൻസിന്റെ ശക്തിയുടെ ആധാരം

**അവ്യക്തസൂചനകൾ- സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**
ആർക്കാണോ തന്റെ സൂക്ഷ്മശക്തികളെ (മനസ്, ബുദ്ധി) കൈകാര്യം ചെയ്യാനറിയുന്നത്, അവർക്ക് മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ കഴിയും. അതിനാൽ സ്വയത്തിനു മേൽ നിയന്ത്രണശക്തി, ഭരണശക്തിയുണ്ടെങ്കിൽ ഇതാണ് യഥാർഥ കൈകാര്യശക്തിയാകുന്നത്. അജ്ഞാനി ആത്മാക്കളെ സേവനത്തിലൂടെ കൈകാര്യം ചെയ്യുന്നതാകട്ടെ, ബ്രാഹ്മണപരിവാരത്തിൽ സ്നേഹസമ്പന്ന, സന്തുഷ്ടതാസമ്പന്ന വ്യവഹാരം ചെയ്യുന്നതിലാകട്ടെ- രണ്ടിലും സഫലമായി മാറും.